# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>റേഷൻ സബ്സിഡി ബാങ്കുകൾ വഴി</u>

T-2816 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ സബ്സിഡി ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഏതെല്ലാം ബാങ്കുകളെയാണ് ഇതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(സി) പ്രസ്തുത സമ്പ്രദായം നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികളെന്തെല്ലാം; വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

 റേഷൻ കടകളുടെ നടത്തിപ്പ്

2817 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ സമ്പ്രദായത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി റേഷൻ കടകൾ സ്വകാര്യ വ്യക്തികൾക്ക് നൽകുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ റേഷൻകടകളുടെ നടത്തിപ്പ് കുടുംബശ്രീ യൂണിറ്റുകളോ/സർക്കാർ നേരിട്ടോ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>റേഷൻ ഉല്പന്നങ്ങൾ കരിഞ്ചന്തയിൽ വില്ക്കുന്നത് തടയാൻ നടപടി</u>

2818 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ ഉല്പന്നങ്ങൾ കരിഞ്ചന്തയിൽ മറിച്ചു വിൽക്കുന്നതുമായി ബന്ധപ്പെട്ട കേസുകൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം കരിഞ്ചന്തയും പൂഴ്ത്തിവെയ്പും തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

ചുവന്ന വൻപയറിനുപകരം വെളുത്ത വൻപയർ വിതരണം ചെയ്ത സ്ഥാപനത്തിനെതിരെ നടപടി

2819 ശ്രീ.പി.ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയ്ക്ക് ചുവന്നവൻപയറിന് പകരം വെളുത്ത വൻപയർ വിതരണം ചെയ്ത കറാരുകാരന് പിഴ ചുമത്തി 8.38 ലക്ഷം രൂപ കണ്ടുകെട്ടുന്നതിന് തീരുമാനിമെടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത തുക കണ്ടുകെട്ടിയിട്ടുണ്ടോ;

(സി) പ്രസ്തുത സംഭവത്തെകുറിച്ച് സപ്ലൈകോ വിജിലൻസിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഡി) റിപ്പോർട്ട് അനുസരിച്ച് ആർക്കൊക്കെ എതിരെ നടപടി എടുത്തു;

(ഇ) കരാറുകാരന്, തടഞ്ഞുവെച്ച 38 ലക്ഷം രൂപ അനുവദിക്കുന്നതിന് സപ്ലൈകോയിലെ ഹെഡ് ഓഫീസ് മാനേജ്മെന്റ് കമ്മറ്റി യോഗം ചേർന്ന് തീരുമാനമെടുത്തിട്ടുണ്ടോ; തുക അനുവദിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>റേഷൻ ക്ഷാമത്തിന് പരിഹാരം</u>

2820 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ ക്ഷാമം രൂക്ഷമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആലപ്പുഴ ജില്ലയിലെ റേഷൻ കടകളിൽ കെട്ടികിടക്കുന്ന അരിയുടെ അളവും വിലയും വിശദമാക്കുമോ;

(ബി) 20.50 രൂപ വിലയുള്ള അരി റേഷൻ കടകളിൽ നിന്നും സബ്സിഡി നിരക്കിൽ വില്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ആലപ്പുഴ ജില്ലയിൽ സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ലഭിച്ച എ. പി. എൽ. റേഷൻ കാർഡുകൾ എത്ര; എവ സാമ്പത്തികമായി ദുർബലരായ കുടുംബങ്ങൾക്ക് വിതരണം ചെയ്തോ; വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) എ. എ. വൈ. കാർഡുകൾ നല്കുന്നതിന് ഗുണഭോക്താക്കളെ കണ്ടെത്തിയോ;

ഇ) എ. എ. വൈ. കാർഡുകൾ എത്രയെണ്ണമാണ് ആലപ്പുഴ ജില്ലയ്ക്ക് നഷ്ടമായത്; ഇതിനു കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; നഷ്ടപ്പെട്ട എ.എ.വൈ. കാർഡുകൾ തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) ആലപ്പുഴ ജില്ലയിൽ മാരകരോഗികൾക്ക് ബി.പി. എൽ. കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എത്ര ആളുകൾക്ക് ബി. പി.എൽ കാർഡ് കൊടുത്തിട്ടുണ്ട്; മാവേലിക്കര മണ്ഡലത്തിൽ കാർഡ് ബി. പി. എൽ. ആക്കി മാറ്റുന്നതിനുള്ള എത്ര അപേക്ഷകരുണ്ട്; കാർഡ് ബി. പി. എൽ. ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>റേഷൻ സാധനങ്ങൾ</u>

2821 ശ്രീ.വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിലൂടെ എന്തെല്ലാം സാധനങ്ങളാണ് വിതരണം നടത്തുന്നത്;

(ബി) ഇതിൽ ബി.പി.എൽ, എ,പി.എൽ വിഭാഗക്കാർക്ക് അനുവദിച്ച റേഷൻ വിഹിതം എത്രയെന്ന് വിശദമാക്കുമോ;

(സി) സിവിൽ സപ്ലൈസ് ഗോഡൗണുകളിൽ നിന്നും റേഷൻ കടകളിലേക്ക് അനുവദിക്കുന്ന സാധനങ്ങൾ ബന്ധപ്പെട്ട കടകളിൽ എത്തുന്നുണ്ട് എന്ന് ഉറപ്പു വരുത്താൻ നിലവിലെ സംവിധാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>അട്ടപ്പാടി മേഖലയിലെ റേഷൻ വിതരണം</u>

2822 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിലെ റേഷൻകടകളിൽ നിന്നും നിശ്ചയിക്കപ്പെട്ട അളവിൽ ഭക്ഷ്യധാന്യം ആദിവാസികൾക്ക് ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്;

(ബി) ആദിവാസി വിഭാഗങ്ങൾക്ക് റേഷൻകടകൾ വഴി അനുവദിച്ചിട്ടുളള ഭക്ഷ്യധാന്യങ്ങളുടെ പേരും, അളവും വിലയും വ്യക്തമാക്കുമോ;

(സി) ഇവർക്ക് നൽകുന്ന മണ്ണെണ്ണയുടെ അളവും വിലയും വ്യക്തമാക്കുമോ;

(ഡി) സർക്കാർ നിശ്ചയിച്ചിട്ടുളള അളവിൽ ഒരു മാസം വിതരണം ചെയ്യുന്നതിന് ഈ മേഖലയിലെ എല്ലാ റേഷൻകടകളിലുമായി ആവശ്യമായിവരുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് എത്രയാണ്; 2013 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ വിതരണം ചെയ്ത അളവ് എത്രയാണ്; അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ മറ്റുളളവ തരംതിരിച്ചുളള കണക്ക് ലഭ്യമാക്കുമോ;

(ഇ) ഇവിടുത്തെ റേഷൻകടകൾവഴി വിതരണം ചെയ്യുന്നത് ഏതെല്ലാം തരത്തിൽപ്പെട്ട അരിയാണ്;

(എഫ്) മട്ടഅരി വിതരണം ചെയ്യുന്നുണ്ടോ; ഇത് ആദിവാസികൾ കഴിക്കില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ആദിവാസികൾ പ്രധാനമായും ആവശ്യപ്പെടുന്നത് ഏതുതരം അരിയാണ്; ഇത് കഴിഞ്ഞ മൂന്നുമാസം ലഭിച്ചതും വിതരണം ചെയ്തതുമായ അളവ് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം</u>

2823 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യസാധനങ്ങൾ വിതരണം നടത്തുന്ന പൊതുവിതരണകേന്ദ്രങ്ങൾക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) പൊതുവിതരണകേന്ദ്രങ്ങളിലെയും, പൊതുവിപണിയിലെയും ഭക്ഷ്യസാധനങ്ങളുടെ വിലയിലുള്ള അന്തരം വിശദമാക്കുമോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>കല്‍പ്പറ്റ നിയോജക മണ്ഡലത്തില്‍ പുതിയ മാവേലി സ്റ്റോറുകള്‍</u>

2824 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇപ്പോഴത്തെ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം കല്‍പ്പറ്റ നിയോജക മണ്ഡലത്തില്‍ ആരംഭിച്ചിട്ടുള്ള പൊതുവിതരണ വില്‍പന ശാലകള്‍ ഏതെല്ലാം; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് സിവില്‍ സപ്ലൈസ് വകുപ്പിന്റെ മാവേലി സ്റ്റോര്‍/ശബരി സ്റ്റോര്‍ ഇല്ലാത്തത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പഞ്ചായത്തുകളില്‍ മാവേലി സ്റ്റോറുകള്‍ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ എസ്.സി., എസ്.റ്റി. വിഭാഗങ്ങൾക്ക്<br>ബി.പി.എൽ. കാർഡ്</u>

2825 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ മൂന്ന് പഞ്ചായത്തുകളിലായി എത്ര റേഷൻ കടകളാണ് ഉള്ളത്; പഞ്ചായത്ത് തിരിച്ചുള്ള എണ്ണം നൽകുമോ;

(ബി) ഈ റേഷൻകടകളിലായി എത്ര റേഷൻ കാർഡ് ഉടമകൾ ഉണ്ട്; എസ്.സി., എസ്.റ്റി., മറ്റുള്ളവർ എന്നിങ്ങനെ തരംതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഈ കടകളിലായി ആകെ എത്ര ബി.പി.എൽ., എ.പി.എൽ., അന്ത്യോദയ, അന്നോദയ മുതലായ വ്യത്യസ്ത കാർഡുടമകൾ ഉണ്ട്; ഇതിൽ എസ്.സി., എസ്.റ്റി., മറ്റുള്ളവർ എത്ര; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) എസ്.സി., എസ്.റ്റി. വിഭാഗങ്ങൾക്ക് എ.പി.എൽ. കാർഡ് ലഭിക്കാനുള്ള സാഹചര്യം വിശദമാക്കുമോ;

(ഇ) എല്ലാ ആദിവാസി വിഭാഗങ്ങൾക്കും ബി.പി.എൽ. കാർഡ് നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ റേഷൻ കടകളിൽ അഴിമതിയും കരിഞ്ചന്തയും</u>

2826 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ വിൽക്കുക, വാഹനത്തിൽ കടത്തുക, ശേഖരിക്കുക തുടങ്ങിയ കാര്യങ്ങളിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും, അവ ഏതൊക്കെ താലൂക്ക് പ്രദേശത്താണെന്നും അറിയിക്കുമോ;

(ബി) മേൽപ്പറഞ്ഞ വിധം പിടിക്കപ്പെട്ട സാധനങ്ങൾക്ക് എത്ര രൂപ വിലവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ; ഈ സാധനങ്ങൾ സൂക്ഷിക്കുവാനും വിതരണം നടത്തുവാനും ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) കഴിഞ്ഞ രണ്ടുവർഷക്കാലയളവിൽ പ്രസ്തുത ജില്ലയിൽ എത്ര റേഷൻ കടകൾ സസ്പെൻഡ് ചെയ്തിട്ടുണ്ട്; എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; വിശദാംശം അറിയിക്കുമോ;

(ഡി) ജില്ലയിലെ റേഷൻ കടകളിൽ യഥാസമയം പരിശോധനകൾ നടത്താത്തത് മൂലമാണ് വ്യാപകമായ അഴിമതിയും കരിഞ്ചന്തയും നടക്കുന്നത് എന്നത് ബോദ്ധ്യമുണ്ടോ; ഇതിന്മേൽ എന്തുനടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

ബി.പി.എൽ. കാർഡുടമകൾക്ക് ഒരു രൂപ നിരക്കിൽ അരിയും ഗോതമ്പും

2827 ശ്രീ.സി.പി.മുഹമ്മദ്
,, കെ. മുരളീധരൻ
,, സണ്ണി ജോസഫ്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. കാർഡുടമകൾക്ക് ഒരു രൂപ നിരക്കിൽ അരിയും ഗോതമ്പും നൽകുന്നതിന് നടപടി എടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇവ നടപ്പാക്കുന്നതിന് എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>എ. പി. എൽ കാർഡുകൾ ബി. പി. എൽ ആക്കുന്നതിനുള്ള അപേക്ഷകൾ</u>

T2828 ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയിൽ ലഭിച്ച എ. പി. എൽ. കാർഡുകൾ ബി. പി. എൽ കാർഡുകളാക്കുന്നതു സംബന്ധിച്ച അപേക്ഷകളിൽ തീരുമാനമെടുക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇത്തരം പരാതികൾ പരിഹരിക്കാൻ ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ടോ;

(സി) എ. പി. എൽ - ബി. പി. എൽ പരിധി സംബന്ധിച്ച പരാതികൾ ശാശ്വതമായി പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>എ. പി. എൽ. വിഭാഗക്കാർക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ</u>

2829 ശ്രീ. എ. റ്റി. ജോർജ്
'' വി. പി. സജീന്ദ്രൻ
'' ജോസഫ് വാഴക്കൻ
'' സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ**
**സംരക്ഷണവും രജിസ്ട്രേഷനും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ. പി. എൽ. വിഭാഗക്കാർക്ക് കുറഞ്ഞ നിരക്കിൽ അരിയും ഗോതമ്പും നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇവ നടപ്പാക്കുന്നതിൽ എത്ര മാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പൊതുവിതരണ ശൃംഖല കാര്യക്ഷമമാക്കാൻ നടപടി</u>

2830 ശ്രീ. എം. ഉമ്മർ
'' കെ. എൻ. എ. ഖാദർ
'' അബ്ദുറഹിമാൻ രണ്ടത്താണി
'' എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ ശൃംഖല കാര്യക്ഷമമാക്കാൻ എന്തൊക്കെ നിയന്ത്രണ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) റേഷൻ കട വഴിയുള്ള സാധനങ്ങളുടെ വിതരണം ക്രമരഹിതമാക്കി, കരിഞ്ചന്ത നടത്തുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എ.പി.എൽ., ബി.പി.എൽ. കാർഡുടമകൾക്ക് ഓരോ ആഴ്ചയിലും യൂണിറ്റടിസ്ഥാനത്തിൽ അർഹമായ റേഷൻ സാധനങ്ങളുടെ അളവും, വിലയും, അവ ഓരോ ആഴ്ചയിലും വിതരണം ചെയ്യേണ്ട അവസാന ദിവസങ്ങളും സംബന്ധിച്ച അറിയിപ്പ് മുൻകൂട്ടി ജനങ്ങൾക്ക് നല്കുകയും, റേഷൻ കടകളിൽ ആ വിവരം പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിക്കുകയും ചെയ്ത് ക്രമക്കേട് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>അർഹതപ്പെട്ടവർക്ക് ബി.പി.എൽ കാർഡ് നൽകാൻ നടപടി</u>

2831 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ സർക്കാർ അധികാരമേറ്റശേഷം സർക്കാർ ഉദ്യോഗസ്ഥരിൽനിന്ന് എത്ര ബി.പി.എൽ കാർഡുകൾ തിരിച്ചു പിടിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ആലപ്പുഴ ജില്ലയിൽ തിരിച്ചു പിടിച്ച എത്ര റേഷൻ കാർഡുകൾ മാരക രോഗികൾക്കായി നൽകി; താലൂക്ക് തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ തിരിച്ചു പിടിച്ച ബി.പി.എൽ കാർഡുകൾ വിതരണം ചെയ്യുന്നതിന് അർഹതപ്പെട്ടവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡം എന്തായിരുന്നുവെന്ന് വിശദമാക്കുമോ; അമ്പലപ്പുഴ താലൂക്കിലെ അർഹതപ്പെട്ടവരുടെ പട്ടിക ലഭ്യമാക്കുമോ;

(ഡി) അർഹതരപ്പെട്ടവർക്ക് ബി.പി.എൽ റേഷൻകാർഡ് നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ഒരു രൂപ നിരക്കിൽ ലഭിക്കുന്ന അരിയുടെ അളവ്</u>

2832 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആകെ റേഷൻകാർഡുടമകൾ എത്രയാണ്;

(ബി) ഇതിൽ ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നവർ എത്രയാണ്;

(സി) ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നവർക്ക് കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ പ്രതിമാസം കാർഡൊന്നിന് എത്ര കിലോഗ്രാം അരിയാണ് നൽകിവരുന്നത്;

(ഡി) ഈ ഇനത്തിൽ ഒരു കിലോഗ്രാം അരിക്ക് എത്ര തുകയാണ് സബ്സിഡിയായി സംസ്ഥാന ഗവൺമെന്റ് നൽകേണ്ടി വരുന്നത്;

(ഇ) കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ നൽകുന്ന അരിക്ക് കേന്ദ്ര ഗവൺമെന്റ് സബ്സിഡി ലഭിക്കുന്നുണ്ടോ;

(എഫ്) ഒരു കിലോഗ്രാമിന് കേന്ദ്രസബ്സിഡി എത്രയാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ജി) പ്രതിമാസം ഈ ആവശ്യത്തിനായി എത്ര ടൺ അരി സംസ്ഥാനത്തിനുവേണ്ടിവരുന്നുവെന്നും കേന്ദ്ര ഗവണമെന്റ് എത്ര ടൺ അരി ഈ ആവശ്യത്തിനായി നൽകുന്നുവെന്നും വ്യക്തമാക്കുമോ;

(എച്ച്) സംസ്ഥാനത്തെ ദരിദ്ര ജനവിഭാഗങ്ങൾക്ക് വിതരണം ചെയ്യുവാൻ സൗജന്യമായി എത്ര ടൺ അരി കേന്ദ്രവിഹിതമായി ലഭിക്കുന്നുണ്ട് ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

താലൂക്ക് സപ്ലൈ ആഫീസർ ഒഴിവുകൾ

2833 ശ്രീ.കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താലൂക്ക് സപ്ലൈ ആഫീസർമാരുടെ എത്ര ഒഴിവുകളുണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>കൊല്ലം ജില്ല സപ്ലൈ ആഫീസർക്കെതിരെ നടപടി</u>

2834 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴപ്പണം സ്വീകരിച്ചതുമായി ബന്ധപ്പെട്ട് കൊല്ലം ജില്ല സപ്ലൈ ആഫീസർക്കെതിരെ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ടിയാനെതിരെ കേസ് രജിസ്റ്റർ ചെയ്യുന്നതിന് കൊല്ലം വിജിലൻസ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചത് സംബന്ധിച്ച് അറിവ് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ആരോപണവിധേയനായ പ്രസ്തുത ഉദ്യോഗസ്ഥന് പൊതുവിതരണ വകുപ്പിൽ പുനർനിയമനം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>സ്കൂൾ തല കൺസ്യൂമർ ക്ലബുകൾ</u>

2835 ശ്രീ. സണ്ണിജോസഫ്
'' പി. എ. മാധവൻ
'' വി. റ്റി. ബൽറാം
'' ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾതല കൺസ്യൂമർ ക്ലബുകൾക്ക് പ്രോത്സാഹനം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇവ നടപ്പാക്കുന്നതിന് എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>റേഷന്‍ കടകളൊഴികെയുള്ള പൊതുവിതരണ</u>
<u>കേന്ദ്രങ്ങളിലൂടെ സബ്സിഡി വിതരണം</u>

2836 ശ്രീ. വി. എം. ഉമ്മര്‍ മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റേഷന്‍ കടകളൊഴികെയുള്ള പൊതുവിതരണകേന്ദ്രങ്ങളിലൂടെ സബ്സിഡി നല്കി ഏതൊക്കെ നിത്യോപയോഗ വസ്തുക്കളാണ് വിതരണം നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ ;

(സി) മള്‍ട്ടി നാഷണല്‍ കമ്പനികളുടെ ഉല്പന്നം വാങ്ങിയാലേ സബ്സിഡി സാധനങ്ങള്‍ നല്കുകയുള്ളുവെന്ന് വിതരണ കേന്ദ്രങ്ങള്‍ നിര്‍ബന്ധം പിടിക്കുന്നതായ പരാതികള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) സബ്സിഡി സാധനങ്ങള്‍ വിതരണ കേന്ദ്രങ്ങളില്‍ ലഭ്യമല്ലാത്ത അവസ്ഥ പരിഹരിക്കാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>അരി വിഹിതം വെട്ടിക്കുറച്ചത് പുന: സ്ഥാപിക്കാൻ നടപടി</u>

2837 ശ്രീ. പി.ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട റേഷൻ അരിയുടെ അളവ് കഴിഞ്ഞ 3 മാസങ്ങളിൽ വെട്ടിക്കുറച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയാണ് വെട്ടിക്കുറച്ചത് എന്നറിയിക്കാമോ;

(സി) വെട്ടിക്കുറച്ച അരിവിഹിതം പുന:സ്ഥാപിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കുമോ;

(ഡി) എ. പി. എൽ., ബി. പി. എൽ. വിഭാഗങ്ങൾക്ക് അർഹതപ്പെട്ട അരിവിഹിതം കഴിഞ്ഞ 3 മാസങ്ങളിൽ കൃത്യമായി വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം</u>

2838 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ ശൃംഖലയിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെങ്കിലും പരിശോധനാ സംവിധാനം നിലവിലുണ്ടോ ;

(സി) കഴിഞ്ഞ വർഷം എത്ര പരിശോധനകൾ ഇക്കാര്യത്തിൽ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**20.06.2013-ലെ മറുപടിക്ക്**

<u>നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് നടപടി</u>

2839 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വർദ്ധിച്ചു വരുന്ന വിലക്കയറ്റം തടയുന്നതിനുവേണ്ടി എന്തെങ്കിലും പ്രവർത്തന പരിപാടി ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ഭക്ഷ്യ വസ്തുക്കളുടെ വിലവര്‍ദ്ധനവ് തടയാന്‍ നടപടി</u>

2840 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുവിപണിയില്‍ ഒരു കിലോ പാലക്കാടന്‍ മട്ട അരിയ്ക്ക് 2010, 2011, 2012, 2013 വര്‍ഷങ്ങളിലെ മേയ് മാസത്തെ വില എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) അരിയുടെ വിലയില്‍ വര്‍ദ്ധനവ് ഉണ്ടായിട്ടുണ്ടോ; പ്രസ്തുത വര്‍ദ്ധനവിന്റെ കാരണം എന്താണെന്ന് വിശദീകരിക്കാമോ; ഇത് തടയാന്‍ സ്വീകരിച്ച നടപടികള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പൊതു വിപണിയില്‍ ഉള്ളിയുടെ വില വര്‍ദ്ധിച്ചിട്ടുണ്ടോ; വിലകുറയ്ക്കുന്നതിനായി സ്വീകരിച്ച നടപടി വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

സിവിൽ സപ്ലൈസ് ഗോഡൗണുകളിൽ നിന്ന് അരിയും മറ്റ് ധാന്യങ്ങളും മറിച്ചു വില്ക്കൽ

2841 ശ്രീ. ബാബു എം. പാലിശ്ശേരി
,, പുരുഷൻ കടലുണ്ടി
,, ബി.ഡി. ദേവസ്സി
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഗോഡൗണുകളിൽ നിന്ന് അരിയും മറ്റ് ധാന്യങ്ങളും മറിച്ചു വില്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഷോപ്പുകളിൽ അവശ്യസാധനങ്ങൾ ലഭ്യമല്ലാത്ത അവസരത്തിലാണ് ഇത്തരം കടത്ത് നടക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത് തടയാനും ഇവർക്കെതിരെ നടപടി എടുക്കാനും ആവശ്യത്തിന് സാധനങ്ങൾ ലഭ്യമാക്കാനും തയ്യാറാകുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

വില വര്‍ദ്ധനവ് തടയുന്നതിന് അനുവദിച്ച തുക

2842 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വില വര്‍ദ്ധനവ് തടയുന്നതിനായി ബജറ്റ് വിഹിതമായും പ്രത്യേക അലോട്ട്മെന്റായും സിവില്‍ സപ്ലൈസ് കോര്‍പ്പറേഷന് സര്‍ക്കാര്‍ എത്ര തുക 1-4-2013 മുതല്‍ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) അനുവദിച്ച തുകയില്‍ കോര്‍പ്പറേഷന്‍ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>സപ്ലൈകോയിലെ അഴിമതി തടയുന്നതിന് നടപടി</u>

2843 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ അഴിമതി നടക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ആയത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) 2012-13-ൽ മൊത്തം എത്ര ക്വിന്റൽ റേഷനരി കരിഞ്ചന്തയിൽ നിന്ന് പിടിച്ചെടുത്തു?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി സബ്സിഡിയോടെ വിൽപ്പന നടത്തിയിരുന്ന സാധനങ്ങൾ</u>

2844 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകൾവഴി ഏതെല്ലാം സാധനങ്ങൾ സബ്സിഡിയോടെ വിൽപ്പന നടത്തിയിരുന്നുവെന്ന് വ്യക്തമാക്കാമോ; റേഷൻ കാർഡ് ഒന്നിന് എത്ര അളവിലാണ് സാധനങ്ങൾ നൽകിയിരുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം സാധനങ്ങൾ സബ്സിഡിയോടെ വിൽപ്പന നടത്തിവരുന്നുവെന്നും റേഷൻകാർഡ് ഒന്നിന് ഓരോ സാധനങ്ങളും എത്ര അളവിൽ നൽകി വരുന്നുവെന്നും വ്യക്തമാക്കാമോ;

(സി) മുൻ സർക്കാരിന്റെ അവസാന രണ്ടുവർഷങ്ങളിൽ ഓരോ വർഷവും സപ്ലൈകോ വഴി സാധനങ്ങൾ വിതരണം ചെയ്യാൻ സബ്സിഡി ഇനത്തിൽ ചെലവാക്കിയ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ വർഷവും സപ്ലൈകോ വഴി സാധനങ്ങൾ വിതരണം ചെയ്യാൻ സബ്സിഡി ഇനത്തിൽ നൽകിയ തുകയെത്രയെന്ന് വ്യക്തമാ ക്കാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് വകുപ്പിലെ അഴിമതി തടയുന്നതിന് നടപടി</u>

2845 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥരിൽ വിജിലൻസ് കേസ്സുകളിൽ ഉൾപ്പെട്ടവർ എത്ര; വിശദാംശം നൽകാമോ;

(ബി) ഈ വകുപ്പിലെ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

സപ്ലൈകോയുടെ വിലനിലവാരത്തിന്റെ പത്രപരസ്യം

2846 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ വിലനിലവാരം പത്രങ്ങളിലൂടെ ഇപ്പോൾ പരസ്യം ചെയ്യാതിരിക്കാനുള്ള കാരണം എന്താണ്;

(ബി) 2013 ജനുവരി മുതൽ ഏതെങ്കിലും തീയതികളിൽ വില നിലവാരം പരസ്യപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തീയതികളിൽ; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>സപ്ലൈകോയിൽ ജോലി ചെയ്ത ശേഷം മറ്റ് ഡിപ്പാർട്ടുമെന്റുകളിലേക്ക് പോകുന്നവർ</u>

2847 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ ജോലി ചെയ്ത ശേഷം മറ്റ് ഡിപ്പാർട്ടുമെന്റുകളിലേക്ക് പോകുന്നവർക്ക് ഇപ്പോൾ വിടുതൽ നൽകുന്നുണ്ടോ;

(ബി) മുൻകാലങ്ങളിൽ ഇങ്ങനെയുള്ളവർ രാജിവച്ചതിനു ശേഷം മാത്രം മറ്റു സർവ്വീസുകളിൽ പ്രവേശിക്കുന്ന അവസ്ഥ ഉണ്ടാകുവാൻ കാരണം വ്യക്തമാക്കാമോ;

(സി) സപ്ലൈകോയിൽ ജോലി ചെയ്തിരുന്ന കാലത്തെ സർവ്വീസ് പരിഗണിക്കാതെവരുന്ന അവസ്ഥ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) സപ്ലൈകോ കെ.എസ്.ആർ വ്യവസ്ഥ അംഗീകരിക്കുന്നുണ്ടോ; ഏത് റൂളിന്റെ അടിസ്ഥാനത്തിലാണ് സപ്ലൈകോ വിടുതൽ നൽകാതിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>സഞ്ചരിക്കുന്ന മേവേലി സ്റ്റോർ</u>

2848 ശ്രീ.ഐ.സി. ബാലകൃഷ്ണൻ
'' ഹൈബി ഈഡൻ
'' വി. പി. സജീന്ദ്രൻ
'' എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇവ നടപ്പാക്കുന്നതിൽ എത്ര മാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>അത്യന്താധുനിക കെമിക്കൽ ലബോറട്ടറി</u>

2849

ശ്രീ. പി. എ. മാധവൻ
,, റ്റി. എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിൽ അത്യന്താധുനിക കെമിക്കൽ ലബോറട്ടറി പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിന്റെ പ്രവർത്തനങ്ങൾ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>വില വിവര പട്ടിക, സ്റ്റോക്ക് വിവരം എന്നിവ പ്രദർശിപ്പിക്കാത്തവർക്കെതിരെ നടപടി</u>

T2850 ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കച്ചവട സ്ഥാപനങ്ങളിൽ വില വിവരപ്പട്ടിക, സ്റ്റോക്ക് വിവരം എന്നിവ പ്രദർശിപ്പിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) വിലവിവരപ്പട്ടികയിൽ തെറ്റായ വിവരവും, അമിത വിലയും രേഖപ്പെടുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ന്യായവില ഷോപ്പുകൾ</u>

2851

ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പച്ചക്കറികളുടെ വില വർദ്ധനവ് തടയുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇതിനായി ന്യായവില ഷോപ്പുകൾ ആരംഭിക്കുന്നതിന് ഉദ്ദേശമുണ്ടോ;

(ബി) സപ്ലൈകോയിലൂടെ വിൽക്കുന്ന നോൺമാവേലി സാധനങ്ങൾക്ക് എത്ര ശതമാനം ലാഭമാണ് കോർപ്പറേഷൻ ഈടാക്കുന്നത്; ഇത് ഒരു നിശ്ചിത ശതമാനമായി പരിമിതപ്പെടുത്തി വിലവർദ്ധനവ് തടയുന്നതിന് മുന്തിയ പരിഗണന നൽകുമോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>സംഭരിച്ച നെല്ലിന്റെ വില</u>

2852 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുഞ്ചകൃഷി കഴിഞ്ഞ് ആലപ്പുഴ ജില്ലയിൽ നിന്നും എത്ര ടൺ നെല്ല് സംഭരിച്ചു; സംഭരണവില കിലോയ്ക്ക് എത്ര രൂപയായിരുന്നുവെന്ന് അറിയിക്കാമോ;

(ബി) കർഷകർക്ക് നെല്ല് സംഭരിച്ച ഇനത്തിൽ എന്തു തുക നൽകാനുണ്ട്; പാഡിമാർക്കറ്റിംഗ് ഓഫീസ് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(സി) നെല്ല് സംഭരിച്ച് മാസങ്ങളായിട്ടും കർഷകർക്ക് വില നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നെല്ല് സംഭരിച്ച് പത്ത് ദിവസത്തിനകം നെല്ലിന്റെ വില നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>മാവേലി സ്റ്റോറുകളിലെ വിറ്റുവരവ്</u>

2853 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മാവേലി സ്റ്റോറുകളിലൂടെ 2010-11, 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ വില്പന നടത്തിയ പലവ്യഞ്ജന സാധനങ്ങളുടെ വിറ്റുവരവിന്റെ കണക്കുകളുടെ വിശദാംശം നൽകാമോ;

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി ഗ്രാമ പഞ്ചായത്തിൽ മാവേലി സ്റ്റോർ

2854 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി ഗ്രാമ പഞ്ചായത്തിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷന് മാവേലി സ്റ്റോർ അനുവദിക്കുന്നതിന് ആവശ്യമായ ഫണ്ട് പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്, എത്ര രൂപ ലഭിച്ചു എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പഞ്ചായത്തിൽ മാവേലി സ്റ്റോർ എന്ന് അനുവദിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>തൃപ്തി ഹോട്ടൽ</u>

2855 ശ്രീ.കെ.കെ.ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 20 രൂപയ്ക്ക് ഊണ് നൽകുന്നതിനായി ഓരോ താലൂക്കിലും തൃപ്തി ഹോട്ടൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ താലൂക്കുകളിൽ പ്രസ്തുത ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകാമോ;

(സി) പ്രസ്തുത ഹോട്ടലുകൾ താലൂക്ക് തലത്തിൽ ആരംഭിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>രോഗികളെ ബി.പി.എൽ ലിസ്റ്റിലേക്ക് മാറ്റുവാൻ നടപടി</u>

2856 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാറാരോഗം ബാധിച്ച് ജീവിച്ചുവരുന്ന രോഗികളെ എ.പി.എൽ ലിസ്റ്റിൽ നിന്നും ഉപാധികളില്ലാതെ ബി.പി.എൽ ലിസ്റ്റിലേക്ക് മാറ്റുവാൻ എന്ത് നടപടിയാണ് സ്വീകിരക്കേണ്ടത്; വിശദീകരിക്കുമോ;

(ബി) ഇത്തരം മാറ്റങ്ങൾ അതത് ജില്ലകളിൽ തന്നെ നിർവ്വഹിക്കുവാൻ ആവശ്യമായ അധികാരവും ക്രമീകരണവും വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

എ. പി. എൽ ലിസ്റ്റിലേക്ക് മാറ്റിയവർ

2857 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനർഹരായ എത്ര കാർഡുടമകളെ ബി. പി എൽ. ലിസ്റ്റിൽ നിന്നും എ. പി. എൽ ലിസ്റ്റിലേക്ക് മാറ്റിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഇനിയും മാറ്റേണ്ടവരുടെ കണക്കെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എ. പി. എൽ ലിസ്റ്റിലേക്ക് മാറ്റിയവർക്ക് റേഷൻ കടകളിൽ നിന്നും റേഷൻ സാധനങ്ങൾ നൽകുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവർക്ക് അർഹതപ്പെട്ട റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് അടിയന്തിരനടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

ഉപഭോക്തൃ തർക്കപരിഹാര കോടതികളിലെ ഫാറങ്ങളിൽ പ്രസിഡന്റുമാരായി വിരമിക്കുന്നവർക്ക് പെൻഷൻ

2858 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃതർക്കപരിഹാര കോടതികളിലെ ജില്ലാ സംസ്ഥാനതല ഫാറങ്ങളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് ജില്ലതിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) ജില്ലാതല ഫാറങ്ങളിലെ പ്രസിഡന്റും മെമ്പർമാരുമായി വരുന്ന അംഗങ്ങളുടെ യോഗ്യത എന്താണ്;

(സി) ജില്ലാ ജഡ്ജിയുടെ യോഗ്യതയുള്ളവരെയാണോ ജില്ലാ ഫാറങ്ങളിലെ പ്രസിഡന്റായി നിയമിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇപ്രകാരം നിയമിക്കപ്പെടുന്ന അഭിഭാഷകർക്ക് വിരമിച്ചുകഴിഞ്ഞാൽ ജില്ലാ കോടതികളിലും താഴെ തലത്തിലുള്ള കോടതികളിലും പ്രാക്ടീസ് ചെയ്യുന്നതിന് വിലക്ക് നിലവിലുണ്ടോ; ഉണ്ടെങ്കിൽ രേഖ ലഭ്യമാക്കുമോ;

(ഇ) ഇങ്ങനെയുള്ളവർക്ക് പെൻഷൻ നൽകുന്ന നടപടി ഏത് ഘട്ടത്തിലാണെന്നും സമയബന്ധിതമായി തീരുമാനമെടുക്കുമോ എന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**20.06.2013-ലെ മറുപടിക്ക്**

<u>സബ് രജിസ്ട്രാർ ഓഫീസുകളിൽ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോജക്ട്</u>

2859 ശ്രീ. വി. റ്റി. ബൽറാം
'' സണ്ണി ജോസഫ്
'' തേറമ്പിൽ രാമകൃഷ്ണൻ
'' എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സബ് രജിസ്ട്രാർ ഓഫിസുകളിൽ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോജക്ട് നടപ്പിലാക്കാൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം എജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇവ നടപ്പാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>രജിസ്ട്രേഷൻ വകുപ്പിൽ ഇ - സ്റ്റാമ്പിങ്</u>

2860 ശ്രീ. ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, ആർ. സെൽവരാജ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ ഇ-സ്റ്റാമ്പിങ്ങിനായി പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങളെന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇവ നടപ്പാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**20.06.2013-ലെ മറുപടിക്ക്**

<u>രജിസ്ട്രേഷന്‍ വകുപ്പില്‍ മുദ്ര വില കുറയ്ക്കാന്‍ നടപടി</u>

2861 ശ്രീ. റ്റി. എന്‍. പ്രതാപന്‍
,, എം. എ. വാഹീദ്
,, ഷാഫി പറമ്പില്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) രജിസ്ട്രേഷന്‍ വകുപ്പില്‍ ഭാഗാധാരം, ഒഴിമുറി, ദാനം, ധനനിശ്ചയം എന്നിവയുടെ മുദ്ര വില കുറയ്ക്കാന്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ എന്തെല്ലാം?

(സി) ഇവ നടപ്പാക്കുന്നതിന് എത്ര മാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>രജിസ്ട്രേഷൻ വകുപ്പിൽ ഓൺലൈൻ സംവിധാനം</u>

2862

ശ്രീ. കെ. കെ. ജയചന്ദ്രൻ
,, കെ. വി. വിജയദാസ്
,, പുരുഷൻ കടലുണ്ടി
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത സംവിധാനം എത്ര സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കിയെന്ന് വെളിപ്പെടുത്താമോ;

(സി) ഓൺലൈൻ വഴി ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് ലഭിക്കുന്നത്;

(ഡി) പ്രസ്തുത സംവിധാനം നടപ്പാക്കുമ്പോൾ തൊഴിൽ നഷ്ടപ്പെടുന്ന ആധാരം എഴുത്തുകാരുടെ പുനരധിവാസത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>രജിസ്ട്രേഷൻ നടപടികളുടെ കമ്പ്യൂട്ടർവൽക്കരണം</u>

2863 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ ഓഫീസുകളിൽ ഏർപ്പെടുത്തുന്ന ഇ-ഫയലിംഗ്/സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം മൂലം ഭൂമി സംബന്ധിച്ച രേഖകളുടെ ആധികാരികത നഷ്ടപ്പെടുന്നതായി വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) രജിസ്ട്രേഷൻ നടപടികളുടെ കമ്പ്യൂട്ടർവൽക്കരണം സ്വകാര്യവൽക്കരണത്തിനുള്ള ആദ്യ നടപടിയായി വിലയിരുത്തപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) രജിസ്ട്രേഷൻ നടപടികൾ സ്വകാര്യവൽക്കരിക്കുന്നതിന്റെ ഭാഗമായാണോ പ്രസ്തുത ഇ-ഫയലിംഗ്/കമ്പ്യൂട്ടർവല്ക്കരണം നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

രജിസ്ട്രേഷൻ നടപടികൾക്ക് ഇ-ഫയലിംഗ് സമ്പ്രദായം

2864 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ നടപടികൾ സമ്പൂർണ്ണ ഇ-ഫയലിംഗ് സമ്പ്രദായത്തിലാക്കുന്ന സാഹചര്യത്തിൽ ആധാരം എഴുത്തുകാരുടെ തൊഴിൽ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പാക്കേജ് ആവിഷ്കരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സബ് രജിസ്ട്രാർ ഓഫീസുകളിൽ രേഖകളുടെ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇ-ഫയലിംഗിൽ നിരവധി 'ഹാക്കിംഗ്' നടക്കുവാൻ സാധ്യതയുള്ളതിനാൽ ഈ സമ്പ്രദായം വൻതോതിൽ ഭൂമി തട്ടിപ്പിന് കാരണമാകുമെന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത സാഹചര്യം കണക്കിലെടുക്കുമ്പോൾ സർക്കാർ ഒത്താശയോടുകൂടി ഭൂമി തട്ടിപ്പിന് വ്യാപകമായി കളമൊരുങ്ങുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; ഇത്തരത്തിലുള്ള നയം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>മുടങ്ങിക്കിടക്കുന്ന രജിസ്ട്രേഷൻ പുതുക്കൽ</u>

2865 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന കലാ, കായിക സാംസ്കാരിക സ്ഥാപനങ്ങളുടെ മുടങ്ങിക്കിടക്കുന്ന രജിസ്ട്രേഷൻ പിഴകൂടാതെ പുതുക്കി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സുഗമവും സുതാര്യവുമാക്കാൻ എന്തെല്ലാം നൂതന രീതികളാണ് വകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>രജിസ്ട്രേഷൻ നടപടികളുടെ സ്വകാര്യവൽക്കരണം</u>

2866 ശ്രീ.കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

രജിസ്ട്രേഷൻ നടപടികൾ സ്വകാര്യവൽക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; രജിസ്ട്രേഷൻ നടപടികൾ ഔട്ട്സോഴ്സ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>എടവണ്ണയിൽ സബ് രജിസ്ട്രാർ ഓഫീസ്</u>

2867 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ സർക്കാർ അധികാരമേറ്റ ശേഷം പുതിയ സബ് രജിസ്ട്രാർ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഏറനാട് മണ്ഡലത്തിലെ എടവണ്ണയിൽ ഒരു സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?